ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ടൂറിസം വികസനം

234 (4654) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ എത്ര ഡാമുകളുണ്ട്; ഇതിൽ ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് എത്ര ഡാമുകൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; എന്തൊക്കെ പ്രവൃത്തികളാണ് ടൂറിസവുമായി ബന്ധപ്പെട്ട് വകുപ്പ് ചെയ്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ പതിനാറ് ഡാമുകളുണ്ട്. ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കുത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

235 (4655) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പൊതുആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പദ്ധതികളുടെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ഏറ്റെടുക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി പ്രോജക്ടിന്റെ വരുംകാല ആവശ്യങ്ങൾക്ക് വേണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആവശ്യമായി വരുന്ന വകുപ്പുകൾക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ എലാങ്കോട് കാപ്പുമ്മലിലെ മൂന്ന് ഏക്കറോളംവരുന്ന സ്ഥലം ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലാണോ; പ്രസ്തുത സ്ഥലം കായിക വകുപ്പിന് സ്റ്റേഡിയം നിർമ്മിക്കുന്നതിന് വിട്ടുനൽകുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly